# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1064** **10.06.2019-ൽ മറുപടിക്ക്**

## തൊഴിലിടങ്ങളിൽ ജീവനക്കാർക്ക് ഇരിപ്പിടം

### ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ
ശ്രീമതി. ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
,, കെ. രാജൻ :

(എ) തൊഴിലിടങ്ങളിലെ ഇരിപ്പിട അവകാശം സംബന്ധിച്ച നിയമം സർക്കാർ പാസ്സാക്കിയ സാഹചര്യത്തിൽ പ്രസ്തുത നിയമപാലനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിലിടങ്ങളിൽ ജീവനക്കാർക്ക് ഇരിപ്പിടം നൽകേണ്ട തൊഴിലുടമകൾ ഇക്കാര്യത്തിൽ തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആഴ്ചയിൽ എല്ലാ ദിവസവും കടകൾ തുറക്കാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസം വേതനത്തോടുകൂടിയ അവധി നിർബന്ധമായും നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഫലപ്രദമായ പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

### മറുപടി

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

(എ) യും (ബി) യും (സി) യും സർക്കാർ പാസ്സാക്കിയിട്ടുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിക്കുവാൻ തൊഴിലുടമകൾ ബാദ്ധ്യസ്ഥരാണ്. തൊഴിൽ വകുപ്പിനു കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ഈ വിഷയങ്ങളിൽ ആവശ്യമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) തൊഴിൽ വകുപ്പിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന തൊഴിലുടമകൾക്ക് ഏർപ്പെടുത്തിയിരുന്ന പിഴത്തുക ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

(ഡി) നിയമം പാലിക്കാത്ത തൊഴിലുടമകൾക്ക് നോട്ടീസ്, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകി നിയമ നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ ഫയൽ ചെയ്ത കേസുകളിന്മേൽ വിചാരണ നടന്നുവരികയാണ്. ഭേദഗതി വരുത്തിയ പ്രകാരമുള്ള പിഴത്തുക ഇതുവരെ കേസുകളിൽ ചുമത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ.